13-ാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 602** — **11.06.2013-ൽ മറുപടിയ്ക്ക്**

## പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. എൻ. എ. ഖാദർ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) പൊതുമേഖലാ വ്യവസായങ്ങൾ ലാഭകരമാക്കി തീർക്കുവാൻ ഈ സർക്കാർ സ്വീകരിച്ച പ്രത്യേക നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) വിശദവിവരം അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു. |
| (ബി) സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങളിൽ ഏതൊക്കെ സ്ഥാപനങ്ങൾ ഇപ്പോൾ ലാഭകരമായി നടക്കുന്നുണ്ട്; | (ബി) 2012-13 സാമ്പത്തിക വർഷത്തെ ആഡിറ്റ്/പ്രൊവിഷണൽ കണക്കുകൾ പ്രകാരം 21 കമ്പനികളാണ് ലാഭത്തിൽ പ്രവർത്തിച്ചത്. വിശദവിവരം അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു. |
| (സി) സ്ഥാപനങ്ങൾ ലാഭകരമാക്കി മാറ്റാൻ നടത്തുന്ന പരിശ്രമങ്ങൾക്ക് ജീവനക്കാർക്ക് പ്രത്യേക ഇൻസെന്റീവ് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (സി) ഉണ്ട്. സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളെ ലാഭത്തിലാക്കുവാനുള്ള നടപടികളുടെ ഭാഗമായി നിശ്ചിത പരിധിക്കു (Breakeven Turnover + 10%) മുകളിലുള്ള വിറ്റുവരവിന്മേലുള്ള ലാഭത്തിനാനുപാതികമായി തൊഴിലാളികൾക്ക് പ്രത്യേക ആനുകൂല്യം (incentive) നൽകുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു |
| (ഡി) ഇതുവരെ ഏതെങ്കിലും സ്ഥാപനങ്ങളിൽ ഇൻസെന്റീവ് നൽകിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ? | (ഡി) ശേഖരിച്ചു ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം - 1**

- ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമ്പത്തിക സഹായമായി 201112ൽ 107.60 കോടി രൂപയും 201213ൽ 176.72 കോടിരൂപയും നൽകിയിട്ടുണ്ട്. (including cashew sector)
- പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ പ്രൊഫഷണലാക്കുന്നതിനും സുതാര്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- വ്യവസായവകുപ്പിനു കീഴിലുള്ള എല്ലാ പൊതുമേഖലാസ്ഥാപനങ്ങളുടെയും കുടിശ്ശികയുള്ള ആഡിറ്റ് തീർക്കുന്നതിനും 2013-14 മുതൽ ആഡിറ്റ് ആ സാമ്പത്തിക വർഷം പൂർത്തിയായി ഏപ്രിൽ മാസത്തിനുള്ളിൽ തീർക്കുന്നതിന് സമയ ബന്ധിതമായ പദ്ധതി നടപ്പിലാക്കി വരുന്നു.
- പൊതുമേഖലാസ്ഥാപനങ്ങളിലെ സാധന സാമഗ്രികളുടെ ഇടപാടുകളിൽ (purchase) കൂടുതൽ സുതാര്യത ഉറപ്പു വരുത്തുന്നതിനുമായി e-procurement, e-payment സംവിധാനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.
- വ്യവസായ വകുപ്പിന്റെ അധീനതയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും പ്രവർത്തനം കൃത്യമായി സംയോജിപ്പിച്ച് മെച്ചപ്പെടുത്തുന്നതിനായി കെൽട്രോണിന്റെ സഹായത്തോടെ വ്യവസായ വകുപ്പിന്റെ വെബ് അധിഷ്ഠിത മോണിട്ടറിംഗ് സംവിധാനം നിലവിൽ വന്നു.
- ടെക്സ്റ്റൈൽ മേഖലയ്ക്കു, 2011-12 ൽ 14 കോടി രൂപയുടെയും 2012-13 ൽ 27.60 കോടി രൂപയുടെയും പ്രത്യേക പാക്കേജ് നൽകിയതുവഴി അവയുടെ നഷ്ടം ഗണ്യമായി കുറയ്ക്കുവാൻ സാധിച്ചു.
- പൊതുമേഖലാസ്ഥാപനങ്ങളിൽ സൗരോർജ്ജ പദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി KSIDC-യിൽ സൗരോർജ്ജ പദ്ധതി പ്രവർത്തനമാരംഭിച്ചു.
- പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്ന തിനായി MOU സംവിധാനം നടപ്പിലാക്കി. ഇതുമൂലം ഉൽപ്പാദനക്ഷമത, വിറ്റുവരവ്, ലാഭം, സാമ്പത്തിക അച്ചടക്കം. ഉൽപ്പന്നത്തിന്റെ ഗുണമേൻമ, അംഗീകാരം എന്നിവ മുൻകൂർ വിലയിരുത്തുകയും ഇതുമൂലം കൂടുതൽ നേട്ടങ്ങൾ കൈവരിക്കുവാൻ കഴിയുന്നു.

Hari

**സെക്ഷൻ ഓഫീസർ**

അനുബന്ധം - 2

**(2012-13) ആഡിറ്റിനു മുൻപുള്ള കണക്കുകൾ പ്രകാരം ലാഭത്തിൽ പ്രവർത്തിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ**

| Sl.No | Name of the Company |
|---|---|
| 1 | The Kerala Minerals and Metals Ltd |
| 2 | Kerala State Industrial Development Corp Ltd |
| 3 | Malabar Cements Ltd |
| 4 | Kerala State Electronics Development Corp |
| 5 | KINFRA |
| 6 | Kerala State Industrial Enterprises Ltd |
| 7 | Kerala Small Industries Development Corporation Ltd |
| 8 | Transformers and Electricals Kerala Ltd |
| 9 | Steel Industrials Kerala Ltd |
| 10 | Travancore Titanium Products Ltd |
| 11 | Keltron Electro Ceramics Ltd |
| 12 | Kerala Clays & Ceramic Products Ltd. |
| 13 | Forest Industries (Travancore) Ltd |
| 14 | The Travancore Cements Ltd |
| 15 | Kerala Artisan's Development Corporation Ltd |
| 16 | Travancore-Cochin Chemicals Ltd |
| 17 | Keltron Component Complex Ltd |
| 18 | Steel and Industrial Forgings Ltd. |
| 19 | Kerala State Mineral Development Corporation Ltd |
| 20 | KELPALM |
| 21 | Sitaram Textiles Ltd |

(signature)

സെക്ഷൻ ഓഫീസർ